ഡ്രിക്കിന്റെ പ്രവർത്തനം

41 [593] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മരാമത്ത് വകുപ്പിന്റെ ഏതെല്ലാം പണികളാണ് ഡിസൈൻ ചെയ്യുന്നതിന് സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ: ഏതെല്ലാം പണികൾ ഏതെല്ലാം കമ്പനികൾക്ക് എത്ര രൂപയ്ക്കാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഡ്രിക്കിൽ എത്ര തസ്തികകൾ, അസിസ്റ്റന്റ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ചീഫ് എഞ്ചിനീയർ എന്നിവർക്ക് സമാനമായി ഉണ്ടായിരുന്നു എന്ന് വെളിപ്പെടുത്തുമോ:

(സി) ഇപ്പോൾ ഡ്രിക്കിൽ എ. ഇ., എ. ഇ. ഇ., എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് സമാനമായ തസ്തികകളിൽ എത്ര പേർ വീതം ജോലി ചെയ്യുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡ്രിക്കിലെ ഏതെല്ലാം തസ്തികകളിലെ എത്ര എഞ്ചിനീയർമാരെ വീതം മറ്റു പദ്ധതികളിലേക്ക് മാറ്റി നിയമിച്ചു എന്നും ഏതെല്ലാം പദ്ധതികളിലാണ് മാറ്റിനിയമിച്ചതെന്നുമുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഡ്രിക്കിലെ ജോലിക്ക് ആവശ്യമായ ഉദ്യോഗസ്ഥരുടെ കുറവുകാരണം കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ആവശ്യത്തിന് എ. ഇ. തസ്തികയ്ക്ക് സമാനമായ തസ്തികക്കാരെ ഡ്രിക്കിൽ നിയമിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ദേശീയപാതാ വിഭാഗത്തെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. † കെട്ടിട വിഭാഗത്തിന്റെ താഴെപ്പറയുന്ന പണികൾ അടിയന്തിരമായി ചെയ്തു തീർക്കുന്നതിനു വേണ്ടി ഇന്റഗ്രൽ സൊലൂഷനെ ഏൽപ്പിച്ചിട്ടുണ്ട്. ടി പണികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നിലവിലുള്ള നിയമാനുസൃത നിരക്കിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർമാരുടെ ഒരു കമ്മിറ്റി തീരുമാനിക്കുന്ന തുക ഫീസായി നൽകുന്നതാണ്.

1. ജി. വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം.
2. പൂജപ്പുര സോഷ്യൽ വെൽഫയർ സെന്ററിന്റെ സ്ട്രക്ചറൽ ഡിസൈൻ.
3. നെടുമങ്ങാട് പോളിടെക്നിക് കെട്ടിടത്തിന്റെ മണ്ണു പരിശോധനയും സ്ട്രക്ചറൽ ഡിസൈനും.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഡ്രിക്കിൽ താഴെ പറയുന്ന തസ്തികകളും എണ്ണവും നിലവിലുണ്ടായിരുന്നു:

I ഡിസൈൻ വിഭാഗം (പാലങ്ങളും കെട്ടിടങ്ങളും)

തസ്തിക	എണ്ണം
അസിസ്റ്റന്റ് ഡയറക്ടർ (അസിസ്റ്റന്റ് എഞ്ചിനീയർ)	37
ഡെപ്യൂട്ടി ഡയറക്ടർ (അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ)	13
ജോയിന്റ് ഡയറക്ടർ (എക്സിക്യൂട്ടീവ് എഞ്ചിനീയർ)	4
ഡയറക്ടർ (സൂപ്രണ്ടിംഗ് എഞ്ചിനീയർ)	3
ചീഫ് എഞ്ചിനീയർ	1

II കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കാര്യവട്ടം

തസ്തിക	എണ്ണം
അസിസ്റ്റന്റ് എഞ്ചിനീയർ	12
അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ	4
എക്സിക്യൂട്ടീവ് എഞ്ചിനീയർ	1

(സി) ഇപ്പോൾ ഡ്രിക്കിലുള്ള തസ്തികകളും എണ്ണവും ചുവടെ ചേർക്കുന്നു:

I ഡിസൈൻ വിഭാഗം (പാലങ്ങളും കെട്ടിടങ്ങളും)

തസ്തിക	എണ്ണം
അസിസ്റ്റന്റ് ഡയറക്ടർ (എ. ഇ.)	19 (ഇതിൽ 7 ഒഴിവുകൾ നിലനിൽക്കുന്നു.)
ഡെപ്യൂട്ടി ഡയറക്ടർ (എ. ഇ. ഇ.)	7
ജോയിന്റ് ഡയറക്ടർ (എക്സിക്യൂട്ടീവ് എഞ്ചിനീയർ)	2
ഡയറക്ടർ (എസ്. ഇ.)	3
ചീഫ് എഞ്ചിനീയർ	1 (ഒഴിഞ്ഞ് കിടക്കുന്നു)

II കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കാര്യവട്ടം തസ്തികകളും എണ്ണവും കുറവു ചെയ്തിട്ടില്ല.

(ഡി) അസിസ്റ്റന്റ് ഡയറക്ടർ 18 എണ്ണം

കെ. എസ്. ടി. പി.	8
തദ്ദേശസ്വയംഭരണ വകുപ്പ്	1
പി. പി. യു.	6
നബാർഡ്	2
വിവരസാങ്കേതിക വിദ്യ	1

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി ഡയറക്ടർ (എ.ഇ.ഇ.) 6 എണ്ണം

പി. പി. യു. 3

കെ. എസ്. ടി. പി. 3

ജോയിന്റ് ഡയറക്ടർ 2 എണ്ണം

കെ. എസ്. ടി. പി. 2

(ഇ) അസിസ്റ്റന്റ് ഡയറക്ടർ (എ. ഇ.), ഡെപ്യൂട്ടി ഡയറക്ടർ (എ. ഇ. ഇ.), ജോയിന്റ് ഡയറക്ടർ (എക്സിക്യൂട്ടീവ് എഞ്ചിനീയർ) എന്നീ ഉദ്യോഗസ്ഥരുടെ കുറവു കാരണം ഡ്രിക്ക്ബോർഡിലെ ഡിസൈൻ വിഭാഗത്തിൽ ഡിസൈൻ പണികൾക്ക് കാലതാമസം നേരിടുന്നുണ്ട്.

(എഫ്) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

42 [594] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ വിവിധ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് എത്ര ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് സ്വീകരിച്ച നടപടിക്രമങ്ങളെക്കുറിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ആവശ്യത്തിലേക്ക് ഏതെല്ലാം സ്വകാര്യ ഏജൻസികൾക്കാണ് ഓർഡർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന് ഓർഡർ നൽകാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) കമ്പ്യൂട്ടർ വാങ്ങുന്നതിനുമുമ്പ് അവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 51,36,380 രൂപ.

(ബി) പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിൽ നിന്ന് നേരിട്ടാണ് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്.

LIBRARY ARCHIVES Kerala Legislative Assembly